Mr. C. V. Chandrasekharan: ഒരു ഹെഡ്മാസ്റ്ററെ രണ്ടു മാസത്തേക്കു സസ്പെൻറുചെയ്തു. ഒരു ഹെഡ്മാസ്റ്ററെ ഡിസ്മിസ് ചെയ്തു. ഒരു ഹെഡ്മാസ്റ്ററെ ആറുമാസത്തേക്കു സസ്പെൻറുചെയ്തു.

Mr. J. John Kattakayam: സസ്പെൻറു ചെയ്തവരേയും കൂടി ഡിസ്മിസ് ചെയ്യുകയല്ലെ മാതൃകായോഗ്യമായ ശിക്ഷ?

Mr. C. V. Chandrasekharan: അതു് ഒരു അഭിപ്രായം മാത്രമാണ്.

Mr. J. John Kattakayam: ഇതൊരു അഭിപ്രായമല്ല. കുറക്കാരെ സർവീസിൽനിന്നും പുറത്തു കളയേണ്ടതാണ്.

President: If Mr. John Kattakayam is dealing with that case, he could have disposed of it as he pleases. But it is the department that has to deal with the question. They have to look into the merits of each case and then decide whether a man who is on suspension should be dismissed or not.

Price of petrol and kerosene.

32. ***Mr. J. John Kattakayam:** Will the Government be pleased to state whether petrol and kerosene, which are got from the neighbouring province of Burma, are sold in England, which is 7000 miles away, at a price far lower than what is obtaining here?

Mr. C. O Madhavan (*Excise Commissioner*): Information regarding the sale of Burma petrol and kerosene oil in London is not available.

Mr. J. John Kattakayam: ഇൻസ്പെക്ടർ ക്രൂടെക്കൂടെ പരിശോധന നടത്തുന്ന സ്ഥിതിക്കു് .....

President: We are at question No. 32.

Age of persons in Government service.

33. ***Mr. J. John Kattakayam:** Will the Government be pleased to state:

(*a*) whether the ages given by persons now in Government service are Correct;

(*b*) whether they are aware of a non-official having celebrated his 60th birthday while his elder brother was in Government service; and

(*c*) whether they have barred the promotion of Mr. Gopala Pillai, Sub-Registrar, Nedumangad, for five years on the ground of his having given a false age?

Rao Bahadur Dr. N. Kunjan Pillai: (*a*) Yes.

(*b*) No.

(*c*) Yes.

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John Kattakayam : ഹജൂർ കച്ചേരിയിൽ സൂപ്ര ണ്ടായിരുന്ന് പെൻഷ്യൻ പറ്റിപ്പിരിഞ്ഞ മി. പദ്മനാഭയ്യരെപ്പറ്റി കൗൺസിലിൽ ചോദിച്ച ചോദ്യത്തിനു ഗവണ്മെൻറിൽനിന്നുംമറുപട പറഞ്ഞിട്ടുള്ളതായി അറിയാമോ?

Rao Bahadur Dr. N. Kunjan Pillai: എങ്ങിനെമറുപടിപറഞ്ഞു എന്നു അറിഞ്ഞുകൂടാ.

Mr J. John Kattakayam : വയസ്സു കളവായിവച്ചു എന്നു പഴയ കൗൺസിലിൽ ചോദ്യം ചോദിച്ചിട്ടുണ്ട്. അതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുള്ളതായി അറിയാമോ?

Rao Bahadur Dr. N. Kunjan Pillai : ചോദ്യം ഉണ്ടായിരുന്നുവെങ്കിൽ ആ ചോദ്യത്തിനു ഉത്തരം ആ കൗൺസിൽ പ്രൊസീഡിംഗ്സിൽ ഉണ്ടായിരിക്കും.

Mr. J. John Kattakayam : ശരിയായ ഉത്തരം തരാൻ ചുമതലയുള്ള മെമ്പർ ഈ സംഗതിക്കു ഈ തരത്തിൽ ഉത്തരം പറയുന്നതു ശരിയാണോ?

President : Is it the idea of the honourable member to draw the attention of the Government member to a particular question and answer with a view to show that there is difference in particular instances ?

Mr. J. John Kattakayam : വയസ്സു കളവായി കൊടുത്തിട്ടുള്ള ആളുകൾ ഇപ്പോഴും തിരുവിതാംകൂർ സർവീസിൽ ഉള്ളതായി മെമ്പർക്കറിയാമോ?

Rao Bahadur Dr. N. Kunjan Pillai : അങ്ങിനെ ഉള്ളതായി ഗവൺമെൻറിനറിവില്ല.

Mr. M. N. Paramesvaran Pillai : May I know whether the age given by the officers is verified by an independent enquiry conducted by Government ?

Rao Bahadur Dr. N. Kunjan Pillai: When the Account Officer is not satisfied with the age given by a particular officer, he asks the officer concerned to produce the horoscope or some other document to prove his age.

Mr. M. N. Paramesvaran Pillai : Does the member consider that the changing of age by a particular officer is tantamount to corruption ?

Rao Bahadur Dr. N. Kunjan Pillai : It is a matter f opinion.

President : It is a hypothetical question. At the same time, if the member could give specific instances, Government woul be in a position to look into that question.

Mr. M. N. Paramesvaran Pillai : My question is if a particular officer changes his age—

LIBRARY ARCHIVES Kerala Legislative Assembly

President : That again is a hypothetical question. The honourable member being a member of the bar ought to realise it.

Anchal men and Anchal runners.

34. ✻ **Mr. J. John Kattakayam :** Will the Government be pleased to state :

(*a*) whether the Anchal men and Anchal runners attend to the sweeping work in the Anchal Offices besides their own work ;

(*b*) whether they should fence the Anchal Office compounds at their own expense ; and

(*c*) whether there is a rule that the low-paid peons should keep cycles painted green with a board having the letters T. A. D. at their own expense ?

Rao Bahadur Dr. N. Kunjan Pillai : (*a*) Yes.

(*b*) No.

(*c*) Not compulsory.

Mr. J. John Kattakayam : മറ്റ ആഫീസുകളിൽ ഇതിലേക്ക് പ്രത്യേകം ആളുകളെ വച്ചിട്ടുള്ളതായി അറിയാമോ?

Rao Bahadur Dr. N. Kunjan Pillai : എല്ലാ ആഫീസുകളിലും പ്രത്യേകം ആളുകളെ വച്ചിട്ടില്ല. ചില ആഫീസുകളിൽ പ്രത്യേകം ആളുകളെ വച്ചിട്ടുള്ളതായി അറിയാം.

Mr. J. John Kattakayam : അതിലേക്ക് പ്രത്യേകം ആളുകളെ വച്ചിട്ടുള്ളത് ഏതു് ആഫീസിൽ എന്നു പറയാമോ?

Rao Bahadur Dr. N. Kunjan Pillai : ആ സംഗതി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

Mr. J. John Kattakayam : താഴ്ന്നതരം ശമ്പളക്കാരായ അഞ്ചൽ ശിപായിമാർ സൈക്കിൾ വെക്കണമെന്ന നിർബന്ധമില്ലെന്നു പറഞ്ഞുകാണുന്നു. എന്നാൽ അങ്ങിനെ ഒരു ആർഡർ പാസ്സാക്കിയിട്ടുള്ളതായി അറിയാമോ?

Rao Bahadur Dr. N. Kunjan Pillai : അഞ്ചൽ ശിപായിമാർ സൈക്കിൾ വെക്കണമെന്നു നിർബന്ധിക്കുന്ന ഒരു ആർഡർപാസ്സാക്കീട്ടില്ല.

Mr. J. John Kattakayam : ഡിപ്പാർട്ടുമെന്റു് അധികൃതന്മാർ പറയുന്നതിനെ ആർഡർ ഇല്ലെങ്കിലും സ്വീകരിക്കണമെന്ന വ്യവസ്ഥയില്ലേ?

Rao Bahadur Dr. N. Kunjan Pillai : സൈക്കിൾ വെച്ചുകൊള്ളണമെന്നു നിർബന്ധിക്കുന്ന ആർഡർ പാസ്സാക്കിയിട്ടില്ല.

Mr. J John Kattakayam : അതിനെ സംബന്ധിച്ചു് എന്തെങ്കിലും ആർഡർ പാസ്സാക്കീട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly